(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാനാണ് മുൻഗണന നൽകിവരുന്നത്.

മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ

274 (276) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ ഏത് മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തരുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഈ മന്ത്രിസഭയിലെ 3 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.

(1) ശ്രീ. അടൂർ പ്രകാശ് (ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി)

ശ്രീ. അടൂർ പ്രകാശ്, സെപ്റ്റംബർ 2004 മുതൽ മേയ് 2006 വരെ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതായ ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 2/2008/എൻ.ആർ.കെ. എന്ന നമ്പരിലുള്ള വിജിലൻസ് കേസ് നിലവിലുണ്ട്. ഈ കേസിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു.

(2) ശ്രീ. പി. ജെ. ജോസഫ് (ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രി)

ശ്രീ. പി. ജെ. ജോസഫ് 1997-ൽ റവന്യൂ വകുപ്പ് മന്ത്രി ആയിരിക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗികസ്ഥാനം ദുരുപയോഗപ്പെടുത്തി ഗ്രീൻ ബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കി ജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നല്കുക വഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 5/2012/ഇ.ആർ.കെ., വി.സി. 6/2012/ഇ.ആർ.കെ. എന്നീ നമ്പറുകളിൽ രണ്ട് വിജിലൻസ് കേസുകൾ നിലവിലുണ്ട്. പ്രസ്തുത കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) ഡോ. എം. കെ. മുനീർ (ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹികക്ഷേമവും വകുപ്പ് മന്ത്രി)

ഡോ. എം. കെ. മുനീർ ഇന്ത്യാവിഷൻ ചാനലിന് അനധികൃതമായി 3 കോടി രൂപ ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട് VC1/09/SIU-I അന്വേഷണം പൂർത്തിയാക്കി. കേസിൽ തെളിവുകൾ ഒന്നും ഇല്ല എന്ന കാരണത്താൽ (mistake of facts) ആയി പരിഗണിക്കുവാൻ കോടതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല.

ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസ്സിന്റെ വിശദാംശം

275 (277) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസ്സിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാനുദ്ദേശിക്കുന്നത് ;

(സി) കുറ്റക്കാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് 3-12-2012 തീയതിയിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ കേസിൽ

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ - മുൻ മുഖ്യമന്ത്രി
2. ശ്രീ. കെ. പി. രാജേന്ദ്രൻ - മുൻ റവന്യൂ വകുപ്പ് മന്ത്രി
3. ശ്രീ. ടി. കെ. സോമൻ - സ്വകാര്യ വ്യക്തി

LIBRARY ARCHIVES Kerala Legislative Assembly